# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 19/ 05/ 2021


## നിരവധി കേസുകളിലെ പ്രതി കാപ്പ പ്രകാരം കരുതൽ തടങ്കലിൽ

കൊല്ലം : ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ, കൊല്ലം എക്സൈസ് എന്നിവിടങ്ങളിലായി കൊലപാതകം, കൊലപാതക ശ്രമം, നരഹത്യ ശ്രമം, ആയുധം കൊണ്ട് ആക്രമിക്കൽ, മയക്ക് മരുന്ന് വ്യാപാരം തുടങ്ങി കേസുകളിൽ ഉൾപ്പെട്ട കൊല്ലം താലൂക്കിൽ, ശക്തികുളങ്ങര വില്ലേജിൽ, കന്നിമേൽ ചേരിയിൽ, വട്ടക്കായലിന് സമീപം വേനൂർ വടക്കതിൽ വീട്ടിൽ ശിവ ദാസൻ മകൻ 28 വയസ്സുള്ള ഉണ്ണിക്കുട്ടൻ എന്ന് വിളിക്കുന്ന നിഥിൻദാസ് എന്ന യാളെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമ പ്രകാരം(കാപ്പാ) കൊല്ലം ജില്ലാ മജിസ്ട്രേറ്റ് പുറപ്പെടുവിച്ച കരുതൽ തടങ്കൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊല്ലം സിറ്റി പോലീസ് മേധാവി നാരായണൻ.റ്റി ഐ.പി.എസ്സിന്റെ നിർദ്ദേശാനുസരണം, സ്പെഷ്യൽ ബ്രാഞ്ച് എ.സി.പി എസ്സ്.വൈ. സുരേഷിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ ബ്രാഞ്ച് എസ്സ്. ഐ. ജയകുമാർ, എ. എസ്സ്. ഐ ബൈജു ജെറോം, എസ്സ്. സി.പി. ഓ മാരായ സജു, സീനു, മനു, രിപു, രതീഷ് എന്നിവർ ചേർന്നാണ് പ്രതിയെ ഒളിവിടത്തിൽ നിന്നും പിടികൂടിയത്. ജില്ല യിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി എട്ടോളം കേസുകളിൽ പ്രതിയായിട്ടുള്ള നിഥിൻദാസിനെ മുമ്പ് ഒരു തവണ കാപ്പാ പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്. കരുതൽ തടങ്കലിൽ കഴിഞ്ഞിരുന്ന പ്രതി തുടർന്നും ഹീനമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് ജനങ്ങളുടെ സ്വൈര്യ ജീവിത്തിന് ഭീഷണി ഉയർത്തുന്ന രീതിയിൽ പ്രവർത്തിച്ച് വന്നതിനാലാണ് ഇയാൾക്കെതിരെ കരുതൽ തടങ്കൽ ഉൾപ്പെടെയുള്ള ശക്തമായ നടപടികളിലേക്ക് പോലീസ് മുതിർന്നത്. കരുതൽ തടങ്കൽ ഉത്തരവിനെ തുടർന്ന് ഇയാൾ തിരുവനന്തപുരത്തും എറണാകുളത്തുമായി ഒളിവിൽ കഴിഞ്ഞ് വരുകയായിരുന്നു. പ്രതി കീഴടങ്ങണമെന്ന് ജില്ലാ കളക്ടർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രതിയുടെ ഒളിവിടത്തെപ്പറ്റി ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇയാളെ പിടികൂടിയത്. ജില്ലയിൽ രണ്ടോ അതിൽ കൂടുതലോ കേസുകളിൽ ഉൾപ്പെട്ടവരുടെയും മറ്റും പട്ടിക തയ്യാറാക്കിയിട്ടുള്ളതും ഈ പട്ടികയിൽ ഉൾപ്പെട്ടവരും ജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് വിഘാതം നിൽക്കുന്നവരുമായവർക്കെതിരെ കരുതൽ തടങ്കൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ അറസ്റ്റുകൾ തുടർന്നും ഉണ്ടാവുമെന്നും നിലവിൽ കാപ്പാ നിയമ പ്രകാരം എട്ടുപേർ സെൻട്രൽ ജയിലിൽ കരുതൽ തടങ്കലിൽ കഴിയുന്നതായും ജില്ലാ പോലീസ് മേധാവി അറിയിച്ചു.

